ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 15.11.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. സാമൂഹിക പരിഷ്കർത്താവും പ്രമുഖ ഗോത്ര വർഗ്ഗ നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ദിനം ഇന്ന്. ജൻ ജാതിയ ഗൗരവ് ദിവസിനോടനുബന്ധിച്ച് രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

   **Today marks the 150th birth anniversary of social reformer and prominent tribal leader Birsa Munda. On the occasion of Jan Jatiya Gaurav Diwas, elaborate programmes are being held across the country.**

2. ആദിവാസി സമൂഹങ്ങളുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിൽ ഗോത്ര വർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 6,640 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi said that the welfare of tribal communities is the top most priority of the government. The Prime Minister launched various development projects worth Rs.6,640 crore for the upliftment of tribal communities from Bihar.**

3. ആദ്യ ബോഡോലാൻഡ് മഹോത്സവം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the first Bodoland Mahotsav in New Delhi today.**

4. മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം അവസാനിക്കാൻ ദിവസങ്ങൾ ശേഷിക്കെ താരപ്രചാരകരെ അണിനിരത്തി വിവിധ രാഷ്ട്രീയ പാർട്ടികൾ. കേരളത്തിൽ പാലക്കാടും ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.

**The campaigning for the assembly elections in Maharashtra and Jharkhand intensified. In Kerala, the by-election campaign is in full swing in Palakkad.**

5. ശ്രീലങ്കൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ നാഷണൽ പീപ്പിൾസ് പവർ വൻ ഭൂരിപക്ഷത്തിലേക്ക്. പ്രസിഡന്റ് അനുര കുമാര ദിസ്സായകെയുടെ എൻപിപി കേവല ഭൂരിപക്ഷം കടന്നു.

**Sri Lanka's ruling National People's Power (NPP) has secured a landslide victory in the Parliamentary election. President Anura Kumara Disnayake's NPP crossed the majority mark.**

*********************************************

**HEADLINE-1**

## JANJATIYA DIVAS

സാമൂഹിക പരിഷ്കർത്താവും പ്രമുഖ ഗോത്ര വർഗ്ഗ നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ദിനം ഇന്ന്. ബിഹാറിലും ഝാർഖണ്ഡിലും ഗോത്ര വിഭാഗങ്ങളെ ഒരുമിപ്പിച്ചു അദ്ദേഹം നേതൃത്വം നൽകിയ പോരാട്ടങ്ങൾ പിന്നീട് ചരിത്രതാളുകളിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെട്ടു. ബിർസ മുണ്ഡയുടെ ജന്മദിനം ജൻജാതിയ ദിവസായി രാജ്യം ഇന്ന് ആഘോഷിക്കുകയാണ്.

**********************************

## PREZ- JANJATIYA

ഗോത്രവർഗ വിഭാഗം കൂടി വികസിക്കുമ്പോൾ മാത്രമേ രാജ്യ വികസനം യാഥാർഥ്യമാകൂയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ജൻജാതിയ ഗൗരവ് ദിവസത്തിന് മുന്നോടിയായി രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഗോത്ര വിഭാഗങ്ങളിലെ ജനങ്ങളുടെ

ദ്രുതഗതിയിലുള്ള പുരോഗതിക്കാണ് രാജ്യം മുൻഗണന നൽകുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്വത്വം, നിലനിർത്തിക്കൊണ്ട് ഗോത്രവർഗ്ഗ വിഭാഗങ്ങൾ ആധുനിക വികസനത്തിന്റെ പാതയിൽ തുടരണമെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

**********************************

**HEADLINE-2**

## REV. PM-JANJATIYA (INTRO)

ആദിവാസി സമൂഹങ്ങളുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജൻജാതിയ ദിവസ് ആഘോഷങ്ങളുടെ ഭാഗമായി ബിഹാറിലെ ജമുയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗോത്ര ജനതയുടെ കർമ്മ ശേഷി വർധിപ്പിക്കുന്നതിനായി നിരവധി പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ ഗോത്രവർഗ്ഗ സമൂഹങ്ങളുടെ വികസനത്തിനായി ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികളും ഉദ്ഘാടനവും ശ്രീ മോദി നിർവഹിച്ചു. ബിർസ മുണ്ടയുടെ സ്മരണാർത്ഥം തപാൽസ്റ്റാമ്പും സ്മാരക നാണയവും പ്രധാനമന്ത്രി പുറത്തിറക്കി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ, മുഖ്യമന്ത്രി നിതീഷ് കുമാർ, കേന്ദ്ര മന്ത്രിമാരായ ജുവൽ ഒറാം, ചിരാഗ് പാസ്വാൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**********************************

## BIRSA MUNDA -AMIT SHA

ഗോത്ര സമൂഹങ്ങൾ ഭഗവാൻ ബിർസ മുണ്ടയോട് എന്നും കടപ്പെട്ടിരിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

ജൻജാതിയ ഗൗരവ് ദിവസിനോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ബൻസേര പാർക്കിൽ ബിർസ മുണ്ടയുടെ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു അദ്ദേഹം. ചെറുപ്പത്തിൽത്തന്നെ ഭഗവാൻ ബിർസ മുണ്ട തന്റെ ജീവിതം രാജ്യത്തിനും ഗോത്രവർഗക്കാരുടെ ഉന്നമനത്തിനുമായി സമർപ്പിച്ചിരുന്നതായും ശ്രീ അമിത് ഷാ പറഞ്ഞു.

*********************************

## IDUKKI-GEORGE KURIAN

ധർത്തി ആഭാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാന്റെ ഭാഗമായി ഇടുക്കിയിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി നിർവഹിച്ചു. ആദിവാസി വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റുന്നതിനുള്ള ഊർജ്ജിത ശ്രമമാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്.

*********************************

**HEADLINE-3**

## PM-BODO

ആദ്യ ബോഡോലാൻഡ് മഹോത്സവം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സമാധാനം നിലനിർത്തുന്നതിനും ഊർജസ്വലമായ ബോഡോ സമൂഹം കെട്ടിപ്പടുക്കുന്നതിനുമായാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. സമൃദ്ധമായ ഭാരതത്തിനായി സമാധാനവും ഐക്യവും എന്നതാണ് പ്രമേയം.

***********************************

**HEADLINE-4**

## MAHARASHTRA - ELECTION

മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന 288 മണ്ഡലങ്ങളിൽ പ്രചാരണം ഊർജ്ജിതം. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ, നിതിൻ ഗഡ്കരി, ജെപി നഡ്ഡ തുടങ്ങിയവർ ഇന്ന് വിവിധയിടങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. എൻസിപി (എസ്പി) അധ്യക്ഷൻ ശരത് പവാർ, സുപ്രിയ സുലെ, ശിവസേന (യുബിടി) അധ്യക്ഷൻ ഉദ്ധവ് താക്കറെ തുടങ്ങിയവരും പ്രചാരണ റാലികളിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 20-ന് ഒറ്റ ഘട്ടമായിയാണ് വോട്ടെടുപ്പ്.

***********************************

**HEADLINE-4a**

## JHARKHAND ELECTION

ഝാർഖണ്ഡിൽ ഈ മാസം 20-നാണ് രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിംഗ്, മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ വിവിധയിടങ്ങളിൽ ഇന്ന് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. മുതിർന്ന ജെ.എം.എം നേതാവും ഝാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ, ആർജെഡി നേതാവും ബിഹാർ മുൻ ഉപമുഖ്യമന്ത്രിയുമായ തേജസ്വി യാദവ് തുടങ്ങിയവരും പ്രചാരണത്തിനെത്തുന്നുണ്ട്.

***********************************

**HEADLINE-4b**

## PALAKKAD- ELECTION

ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽകെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്. ഈ മാസം 20 നാണ് വോട്ടെടുപ്പ്. എൽഡിഎഫ് സ്ഥാനാർത്ഥി പി. സരിൻ, യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ, എൻഡിഎ സ്ഥാനാർത്ഥി സി കൃഷ്ണകുമാർ എന്നിവരാണ് ജനവിധി തേടുന്നവരിൽ പ്രമുഖർ. വയനാട്, ചേലക്കര, പാലക്കാട് ഉപതെരഞ്ഞെടുപ്പ് ഫലം ഈ മാസം 23-നാണ്.

*********************************

## PREZ VP PM GURU NANAK JAYANTI

ഇന്ന് ഗുരുനാനാക്ക് ജയന്തി. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ പ്രമുഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. കഠിനാധ്വാനത്തിൽ അധിഷ്ഠിതമായ ആത്മീയതയുടെ പാതയാണ് ഗുരുനാനാക്ക് ജനങ്ങൾക്ക് നൽകിയതെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. സത്യം, സാഹോദര്യം, ഐക്യം എന്നീ തത്വങ്ങൾക്കായി നിലകൊള്ളണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഗുരു നാനാക്ക് നൽകിയ പാഠങ്ങൾ ജനങ്ങൾക്കെന്നും പ്രചോദനമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

*********************************

**HEADLINE-5**

## SRILANKA ELECTION

ശ്രീലങ്കയിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ നാഷണൽ പീപ്പിൾസ് പവർ വൻ വിജയത്തിലേക്ക് കുതിക്കുന്നു. രാവിലെ 11 മണി വരെയുള്ള കണക്കനുസരിച്ച്, 113 സീറ്റുകൾ ഒറ്റയ്ക്ക് നേടി എൻപിപി കേവല ഭൂരിപക്ഷം കടന്നു.

ഇതോടെ, പ്രസിഡൻറ് അനുര കുമാര ദിസ്സായകെ പ്രതിനിധാനം ചെയ്യുന്ന ഇടത് സഖ്യം ഫലം പ്രഖ്യാപിച്ച 171 സീറ്റിൽ 123 സീറ്റുമായി 62 ശതമാനം വോട്ട് വിഹിതം സ്വന്തമാക്കി. സജിത് പ്രേമദാസയുടെ നേതൃത്വത്തിലുള്ള പ്രധാന പ്രതിപക്ഷമായ സമാഗി ജന ബലവേഗയ ഇതുവരെ 31 സീറ്റുകൾ നേടിയിട്ടുണ്ട്.

*********************************

## EXPORT DATA

2024 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ഇന്ത്യയുടെ കയറ്റുമതി നിരക്കിൽ 7.28 ശതമാനം വർധനവ് രേഖപ്പെടുത്തി. ഈ കാലയളവിലെ ആകെ കയറ്റുമതിയിൽ 468.27 ബില്യൺ ഡോളറിന്റെ വളർച്ച കൈവരിച്ചതായി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കി.

*********************************

## SABARIMALA (INTRO)

മണ്ഡല മകരവിളക്ക് മഹോത്സവ കാലത്തിനു തുടക്കം കുറിച്ച് ശബരിമല നട ഇന്നു വൈകിട്ട് നാലിനു തുറക്കും. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്നു നടക്കും. ജനുവരി 14-നാണ് മകരവിളക്ക്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ**

(വോയിസ്)

*********************************

## RAIN KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലാണ് ജാഗ്രത നിർദേശം. മൽസ്യബന്ധനത്തിന് വിലക്കില്ല.

*********************************

# CRICKET

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഇന്ത്യയുടെ നാലാമത്തെയും അവസാനത്തെയും ട്വന്റി -20 മത്സരം ഇന്ന് നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

*

***************

********************************************